# മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടി; 24,500 പരാതികൾ തീർപ്പാക്കി

## പരിപാടി രാത്രിയും തുടർന്നു

**തിരുവനന്തപുരം:** മുഖ്യമന്ത്രി ഉമ്മൻചാണ്ടിയുടെ നേതൃത്വത്തിൽ തിരുവനന്തപുരം ചന്ദ്രശേഖരൻനായർ സ്റ്റേഡിയത്തിൽ സംഘടിപ്പിച്ച ജനസമ്പർക്കപരിപാടിയിൽ 24,500 പരാതികൾ തീർപ്പാക്കി. രാത്രി പത്തുമണി വരെ ലഭിച്ച 30,000 അപേക്ഷകളിലാണ് 24,500 എണ്ണം തീർപ്പാക്കിയത്.

ജില്ലയിലെ സാധാരണ ജനങ്ങളുടെ പരാതികൾക്കും അപേക്ഷകൾക്കും തീർപ്പുകൽപ്പിക്കുന്നതിനുവേണ്ടിയാണ് പരിപാടി സംഘടിപ്പിച്ചത്. വിവിധ ധനസഹായങ്ങൾക്കായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും 60 ലക്ഷം രൂപ അനുവദിച്ചു. ചികിൽസ, തുടർചികിൽസ, വികലാംഗസഹായം, വിവിധ പെൻഷനുകൾ, വീട് നിർമാണം, കടം എഴുതിത്തള്ളൽ, വായ്പ സാവകാശം അടയ്ക്കൽ തുടങ്ങിയവയ്ക്കായാണ് പണം അനുവദിച്ചത്. 55 വികലാംഗസ്ത്രീകളുടെ മക്കളുടെ വിവാഹത്തിനുള്ള ധനസഹായമായി പതിനായിരം രൂപ വീതം നൽകി. അനുവദിച്ച തുകയിൽ 50 ശതമാനത്തോളം ചെക്കുകൾ നൽകി.

12 പേരുടെ എ.പി.എൽ കാർഡ് മുഖ്യമന്ത്രിയ്ക്കു നേരിട്ടു ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ബി.പി.എൽ ആക്കി നൽകി. എ.പി.എൽ കാർഡ് ബി.പി.എൽ ആക്കണമെന്നു ചൂണ്ടിക്കാട്ടി 350 ഓളം പരാതികൾ സിവിൽ സപ്ലൈസ് കോർപറേഷന്റെ കൗണ്ടറിൽ ലഭിച്ചിട്ടുണ്ടെന്നു മുഖ്യമന്ത്രിയുടെ ഓഫിസ് അറിയിച്ചു.

വികലാംഗരും അവശത അനുവദിക്കുന്നരുമായ ജനങ്ങളുടെ ഇടയിലേക്ക് ഇറങ്ങിച്ചെന്ന് മുഖ്യമന്ത്രി നേരിട്ടു പരാതികൾക്ക് പരിഹാരം നിർദ്ദേശിച്ചു. സ്റ്റേഡിയത്തിൽ പ്രത്യേകം സജ്ജീകരിച്ച വേദിയിൽ രാവിലെ 9.30 നു മുഖ്യമന്ത്രി ജനസമ്പർക്ക പരിപാടി ഉദ്ഘാടനം ചെയ്തു. തിരുവനന്തപുരം നഗരത്തിലെ റോഡുകളുടെ വികസനത്തിനും അറ്റകുറ്റപണിക്കും ആയി 43 കോടി രൂപയുടെ പദ്ധതിയ്ക്ക് സർക്കാർ അനുമതി നൽകി കഴിഞ്ഞതായി ചടങ്ങിൽ സംസാരിച്ച മന്ത്രി വി എസ് ശിവകുമാർ അറിയിച്ചു.

ജനസമ്പർക്കപരിപാടിയുടെ ഭാഗമായി വിവിധ വകുപ്പുകൾ, സർക്കാർ, അർധസർക്കാർ സ്ഥാപനങ്ങൾ എന്നിവയുടെ സ്റ്റാളുകളും സജ്ജീകരിച്ചിരുന്നു. ഉദ്ഘാടനസമ്മേളനത്തിൽ മന്ത്രി വി എസ് ശിവകുമാർ, ശശി തരൂർ എം. പി, ഡെപ്യൂട്ടി സ്പീക്കർ എൻ ശക്തൻ, എം. എൽ. എമാരായ കെ മുരളീധരൻ, വി ശിവൻകുട്ടി, എം എ വാഹീദ്, ബി സത്യൻ, എ ടി ജോർജ്, വി ശശി, വർക്കല കഹാർ, മേയർ അഡ്വ. കെ ചന്ദ്രിക, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് രമണി പി നായർ, തമ്പാനൂർ രവി, ഡി. ജി. പി ജേക്കബ്ബ് പുന്നൂസ്, ജില്ലാ കലക്ടർ എം നന്ദകുമാർ പങ്കെടുത്തു. പ്രമുഖ ഗാന്ധിയൻ പി ഗോപിനാഥൻ നായരുടെ പരാതി ആണ് മുഖ്യമന്ത്രി ആദ്യം പരിഗണിച്ചത്.

### ജനസമ്പർക്ക പരിപാടിയിൽ വൻ തിരക്ക്; രാത്രിയും നേരിട്ടു പരാതി സ്വീകരിച്ചു

**തിരുവനന്തപുരം:** ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിൽ സംഘടിപ്പിച്ച മുഖ്യമന്ത്രിയുടെ ജനസമ്പർക്കപരിപാടിയിൽ രാത്രി വൈകുവോളം വൻജനത്തിരക്കേറി. മുഖ്യമന്ത്രി മുഴുവൻ സമയവും നേരിട്ടാണ് പരാതികൾ സ്വീകരിച്ചു തീർപ്പ് കൽപ്പിച്ചത്.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുമാത്രമായി 25 ലക്ഷം രൂപയിലധികം വിവിധ ചികിൽസാ ചെലവുകൾക്കായി അനുവദിച്ചു. തെങ്ങ് കയറ്റതൊഴിലിൽ ഏർപ്പെട്ടിരിക്കെ അപകടത്തിൽപെട്ട ബാലരാമപുരം സ്വദേശിയുടെ പരാതിയാണ് മുഖ്യമന്ത്രി സദസ്സിലെത്തി ആദ്യം സ്വീകരിച്ചത്. അദ്ദേഹത്തിന് 75,000 രൂപ അടിയന്തര സഹായമായി അനുവദിച്ചു. നെടുമങ്ങാട് താലൂക്കിലെ കല്ലറയിൽ ആംബുലൻസ് കത്തി നശിച്ച സംഭവത്തിൽ 4 ലക്ഷം രൂപയും ഉഴമലയ്ക്കൽ പാറമടയിൽ വീണ് മരിച്ച സ്വർണ്ണന്റെ കുടുംബത്തിന് 3 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

ജൻമനാ ബുദ്ധിയില്ലാത്ത വിശപ്പും ദാഹവും അറിയാത്തതുമായ 20 വയസ്സുകാരൻ കണ്ണൻ ശർമയും അവന്റെ അമ്മയും ഒരു വീട് എന്ന സ്വപ്നവുമായാണ് മുഖ്യമന്ത്രിയെ സമീപിച്ചത്. വീട് നിർമാണത്തിനായുള്ള ധനസഹായം നൽകുന്നതിന് ജില്ലാ കലക്ടറുടെ റിപോർട്ട് തേടിയ മുഖ്യമന്ത്രി അമ്മയ്ക്ക് വിധവാ പെൻഷൻ അനുവദിച്ചു.